പി.എ സൈനുദ്ദീൻ

# അനാഥരോട് കരുണയുള്ളവരാവുക

عَنْ أَبِي الدَّرْدَاءِ رَضِيَ اللَّهُ عَنْهُ قَالَ: أَتَى النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ رَجُلٌ يَشْكُو قَسْوَةَ قَلْبِهِ قَالَ: أَتُحِبُّ أَنْ يَلِينَ قَلْبُكَ: ارْحَمِ الْيَتِيمَ، وَامْسَحْ رَأْسَهُ، وَأَطْعِمْهُ مِنْ طَعَامِكَ يَلِنْ قَلْبُكَ وَتُدْرِكْ حَاجَتَكَ

(رواه أحمد).

അബുദ്ദർദാഇ(റ)ൽനിന്ന്. അദ്ദേഹം പറഞ്ഞു: നബി(സ)യുടെ അടുത്ത് ഒരാൾ വന്ന് തന്റെ ഹൃദയകാഠിന്യത്തെക്കുറിച്ച് ആവലാതി പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു: ''നീ അനാഥയോട് കരുണ കാണിക്കുക, അവനെ തലോടുക, നിന്റെ ഭക്ഷണത്തിൽനിന്ന് അവനെ ഭക്ഷിപ്പിക്കുക. എങ്കിൽ നിന്റെ ഹൃദയകാഠിന്യം മാറി

പിതാവോ മാതാപിതാക്കളോ നഷ്ടപ്പെട്ട് സ്നേഹവാത്സല്യങ്ങളും ജീവിതസൗകര്യങ്ങളും നിഷേധിക്കപ്പെട്ട ബാല്യങ്ങളെയാണ് യതീം എന്ന് വിളിക്കുന്നത്. ജനിച്ചു വീഴുന്നതിനു മുമ്പ് പിതാവും നന്നേ ചെറുപ്പത്തിൽ മാതാവും നഷ്ടപ്പെട്ട പ്രവാചകന് ജീവിതാവലംബമായി പിതാമഹൻ അബ്ദുൽ മുത്ത്വലിബും അദ്ദേഹത്തിന്റെ മരണശേഷം പിതൃവ്യൻ അബൂത്വാലിബും ഉണ്ടായിരുന്നെങ്കിലും അതൊരിക്കലും മാതൃസ്നേഹത്തിനും പിതൃവാത്സല്യത്തിനും പകരമാകാത്തവിധം അവിടുന്ന് അനാഥത്വത്തിന്റെ പ്രയാസങ്ങൾ അനുഭവിച്ചറിഞ്ഞു.

അനാഥകളെ പരിഗണിക്കേണ്ടതിനെക്കുറിച്ച്, അനാഥ സംരക്ഷണം സാമൂഹിക ബാധ്യതയാക്കിയതിനെക്കുറിച്ച്, തന്റെ സംരക്ഷണത്തിലുള്ള യതീമുകളെ സ്വന്തം മക്കളെപ്പോലെ കണക്കാക്കി അവർക്ക് പാരമ്പര്യസ്വത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ അത് സംരക്ഷിച്ച് വളർത്തി പ്രായപൂർത്തിയാകുമ്പോൾ തിരിച്ചുനൽകി മാതൃകയാവേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഇരുപത്തിമൂന്നോളം സ്ഥലങ്ങളിൽ പരാമർശമുണ്ട്. സന്മാർഗത്തിന്റെ സമ്പൂർണതയിലേക്കെത്താനുള്ള ദുർഘടമായ ഗിരിമാർഗപ്രയാണത്തിന് ഖുർആൻ നിർദേശിച്ച കർമങ്ങളിലൊന്ന് അനാഥകളെ പോറ്റലാണ്.

ജാഹിലിയ്യാ സമൂഹത്തിൽ ഇത്രയേറെ പീഡിപ്പിക്കപ്പെട്ടിരുന്ന മറ്റൊരു വിഭാഗമില്ലെന്ന് കാണാം. അവരെക്കൊണ്ട് കഠിന ജോലികൾ ചെയ്യിച്ചിരുന്നു, അവരെ ലൈംഗികമായി പീഡിപ്പിച്ചിരുന്നു. അതിനെക്കുറിച്ചൊന്നും ആരും ചോദ്യം ചെയ്യാനുണ്ടായിരുന്നില്ല. അവർക്ക് പാരമ്പര്യസ്വത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ അത് കൈക്കലാക്കാൻ വിവിധ തന്ത്രങ്ങളും പ്രയോഗിക്കുമായിരുന്നു.

ഈയൊരു സാഹചര്യം ഇല്ലാതാക്കാൻ ഇസ്‌ലാം വിവിധ കർമ പദ്ധതികൾ ആസൂത്രണം ചെയ്തു. ഓരോ സ്വഹാബി കുടുംബവും അനാഥയെ ദത്തെടുത്ത് വളർത്താനും അവർക്ക് തർബിയത്ത് നൽകി ദീനീസേവനത്തിന് അവരെ പ്രാപ്തരാക്കാനുമുള്ള ഉത്തരവാദിത്തം സ്വയം ഏറ്റെടുത്തു.

സ്വന്തം സന്താനങ്ങൾ എല്ലാവിധ സുഖസൗകര്യങ്ങളും അനുഭവിക്കുമ്പോൾ, ആരോരുമില്ലാത്ത കുരുന്നുകൾ അനുഭവിക്കുന്ന നിസ്സഹായാവസ്ഥ കണ്ട് മനസ്സലിവുണ്ടാകുന്നില്ലെങ്കിൽ അത്തരക്കാരുടെ ഹൃദയം പാറയേക്കാൾ കഠിനമായിരിക്കും. യതീമിനെ വാത്സല്യപൂർവം തലോടുന്നതും അവർക്കാവശ്യമായ ജീവിത സംവിധാനങ്ങളൊരുക്കിക്കൊടുക്കുന്നതും വിശ്വാസിയുടെ വ്യക്തിത്വത്തെ സമൂലം പരിവർത്തിപ്പിക്കും. അല്ലാഹു അവന്റെ ഹൃദയത്തിൽ കാരുണ്യം ചൊരിയും. ''നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക. എന്നാൽ ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും.'' അന്ത്യനാളിൽ സ്വർഗീയ ജീവിതത്തിൽ പ്രവാചകസാമീപ്യം സാധ്യമാകും. കേവലം ഭക്ഷണവും പാർപ്പിടവും നൽകി ലക്ഷ്യബോധമില്ലാതെ അനാഥകളെ വളർത്തുന്നതിനു പകരം സ്വന്തം മക്കളെ വളർത്തുന്ന രൂപത്തിൽ സ്നേഹമസൃണമായി അവരുടെ നല്ല ഭാവി മുന്നിൽകണ്ട് പരിപാലിക്കുക. ആവശ്യമെങ്കിൽ ശിക്ഷാരീതികൾ സ്വീകരിക്കുന്നതിൽ തെറ്റില്ലെന്നും ആഇശ (റ) പ്രസ്താവിക്കുന്നു.

ഇന്നത്തെ ചില സാമൂഹിക സാഹചര്യങ്ങളാൽ, അല്ലെങ്കിൽ ദത്തെടുക്കൽ നിയമത്തിന്റെ നൂലാമാലകൾ കാരണം അനാഥരെ പ്രത്യേകം സ്ഥാപനങ്ങളുണ്ടാക്കി സംരക്ഷിക്കേണ്ട അവസ്ഥയാണ്. ആ സംരക്ഷണം അവരിൽ അപകർഷതയും ഉൾവലിയലും അന്യതാബോധവും സൃഷ്ടിക്കുന്നുവെങ്കിൽ ആ സംരംഭങ്ങൾ പാഴ്‌വേലയായി ത്തീരും. 'അനാഥശാല' എന്ന പ്രയോഗം പോലും അന്യതാബോധത്തിന് ആക്കം കൂട്ടുന്നുണ്ട്. ഹദീസിൽ പറയുന്നതുപോലെ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും തലോടലുകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന രീതിയിലാവണം യതീമുകൾ സംരക്ഷിക്കപ്പെടേണ്ടത്. ●